ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) കലാകാരന്മാർക്ക് ഇന്ത്യൻ സമൂഹത്തിൽ വിശിഷ്ട സ്ഥാനമാണുള്ളതെന്നും, കലാസൃഷ്ടികൾ രാജ്യത്തിന്റെ സംസ്കാരത്തെ സമ്പന്നമാക്കുന്നതായും രാഷ്ട്രപതി ദ്രൗപദി മുർമു .

**President Droupadi Murmu has said that art is a powerful medium to enrich cultural heritage and make society more sensitive**

2) യുഎൻ പൊതുസഭാ സമ്മേളനത്തിന്റെ പശ്ചാത്തലത്തിൽ, ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങളുടെ ഉന്നതതലയോഗം വിദേശകാര്യമന്ത്രി എസ് ജയശങ്കറിന്റെ നേതൃത്വത്തിൽ ന്യൂയോർക്കിൽ ചേർന്നു.

**External Affairs Minister Dr S Jaishankar hosted a High-Level Meeting of Global South Countries in New York on the sidelines of the 80th UN General Assembly session.**

3) ഊർജ്ജ മേഖലയ്ക്ക് അനുസൃതമായുള്ള കാർഷിക വൈവിധ്യവൽക്കരണം രാജ്യത്തിന് അനിവാര്യമാണെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി.

**Union Road Transport and Highways Minister Nitin Gadkari has emphasised that the diversification of**

agriculture towards the energy and power sector is the need of the country.

4) കേരളത്തിലെ നെൽ കർഷകരുടെ പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രാലയം നിയോഗിച്ച വിദഗ്ദ്ധ സംഘം ആലപ്പുഴയിലെത്തി.

A central team has reached Alappuzha today to assess the crisis of paddy farmers.

5) ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും

In Asia Cup Cricket, India to take on Bangladesh in Super-4 match in Dubai, this evening.

6) റഗാസ ചുഴലിക്കാറ്റിൽ തായ് വാനിൽ മരിച്ചവരുടെ എണ്ണം 14 ആയി. മുൻകരുതൽ ശക്തമാക്കി ചൈന.

Super Typhoon Ragasa killed 14 people in Taiwan. Typhoon is set to make landfall between the Chinese cities of Taishan and Zhanjiang between Wednesday afternoon and evening.

&&&&&&&&&&&&&&&&&&

## HEADLINE-1

**PRESIDENT MURMU (INTRO)**

*കലാകാരന്മാർക്ക് ഇന്ത്യൻ സമൂഹത്തിൽ വിശിഷ്ട സ്ഥാനമാണുള്ളതെന്നും, കലാസൃഷ്ടികൾ രാജ്യത്തിന്റെ സംസ്കാരത്തെ സമ്പന്നമാക്കുന്നതായും രാഷ്ട്രപതി ദ്രൗപദി മുർമു . ന്യൂഡൽഹിയിലെ ജൻപഥിൽ ലളിത കലാ അക്കാദമി സംഘടിപ്പിക്കുന്ന 64-ാമത് ദേശീയ കലാ പ്രദർശനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. കലാകാരന്മാർ ഭാവനയിലൂടെയും കലാസൃഷ്ടികളിലൂടെയും പുതിയ ഭാരതത്തെ വരച്ചുകാട്ടുകയാണെന്നും ശ്രീമതി മുർമു പറഞ്ഞു .*

*( ഹോൾഡ് വോയിസ് )*

***കേന്ദ്ര സാംസ്കാരിക മന്ത്രി ഗജേന്ദ്രസിങ്ങ് ശെഖാവത്ത് ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ സന്നിഹിതരായി.***

&&&&&&&&&&&&&&&&&&

## HEADLINE-2

**JAISHANKAR HIGH LEVEL MEETING**

80-മത് യുഎൻ പൊതുസഭാ സമ്മേളനത്തിന്റെ പശ്ചാത്തലത്തിൽ, ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങളുടെ ഉന്നതതലയോഗം വിദേശകാര്യമന്ത്രി എസ് ജയശങ്കറിന്റെ നേതൃത്വത്തിൽ ന്യൂയോർക്കിൽ ചേർന്നു. ഐക്യരാഷ്ട്രസഭയിലെ പരിഷ്കരണ നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അദ്ദേഹം യോഗത്തിൽ മുന്നോട്ടുവച്ചു. സിംഗപ്പൂർ വിദേശകാര്യമന്ത്രി വിവിയൻ ബാലകൃഷ്ണൻ, ഡച്ച് വിദേശകാര്യമന്ത്രി ഡേവിഡ് വാൻ ഡീൽ തുടങ്ങിയവരുമായി ശ്രീ ജയശങ്കർ ചർച്ച നടത്തി. മാൽഡീവ്സ്, ശ്രീലങ്ക, മൗറീഷ്യസ്, സൊമാലിയ തുടങ്ങിയ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായും അദ്ദേഹം സംവദിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-3

**GADKARI – AGRICULTURE**

ഊർജ്ജ മേഖലയ്ക്ക് അനുസൃതമായുള്ള കാർഷിക വൈവിധ്യവൽക്കരണം രാജ്യത്തിന് അനിവാര്യമാണെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. ഇന്ത്യ ബയോഎനർജി ആൻഡ് ടെക് എക്സ്പോ രണ്ടാം പതിപ്പിനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ ജനസംഖ്യയുടെ 65 ശതമാനവും കൃഷിയെ ആശ്രയിച്ചു കഴിയുന്ന ഗ്രാമീണ ജനതയാണ്. കാർഷികോത്പന്നങ്ങൾക്ക് ന്യായ വില ലഭിക്കാത്തതാണ് ഗ്രാമങ്ങളിലെ ദാരിദ്രത്തിനും, തൊഴിലില്ലായ്മയ്ക്കും കാരണമെന്നും അദ്ദേഹം പറഞ്ഞു. കരിമ്പ്, ചോളം, എണ്ണ, സോയബീൻ എന്നിവയുടെ വില മിക്കപ്പോഴും ആഗോള വിപണിയെ ആശ്രയിച്ച് നിലനിൽക്കുന്നത് രാജ്യത്തെ കർഷകർക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**VAISHNAW-VANDE BHARAT**

രാജ്യത്ത് രണ്ട് വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ സർവീസുകൾ ഉടൻ ആരംഭിക്കുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് . ആദ്യ ട്രെയിൻ എല്ലാ പരീക്ഷണ ഘട്ടങ്ങളും പൂർത്തിയാക്കിയതായും രണ്ടാമത്തെ ട്രെയിനിൻറെ ട്രയൽ റൺ അടുത്ത മാസംപകുതിയോടെ പൂർത്തിയാകുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ ഇന്നലെ മാധ്യമങ്ങളോട് പറഞ്ഞു. ദീപാവലി, ഛഠ് ഉത്സവങ്ങളോടനുബന്ധിച്ച് അടുത്തമാസം 1 മുതൽ നവംബർ 15 വരെ പന്ത്രണ്ടായിരം പ്രത്യേക ട്രെയിനുകൾ രാജ്യത്ത് സർവീസ് നടത്തുമെന്നും മന്ത്രി അറിയിച്ചു .

&&&&&&&&&&&&&&&&&&

**SEVA PARV - INDIA AI MISSION ( INTRO)**

*പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി രാജ്യത്ത് പരിവർത്തനവും പുരോഗതിയും കൊണ്ടുവരുന്നതിനായി കേന്ദ്ര സർക്കാർ എഐ മിഷനിലൂടെ സ്വീകരിച്ച നടപടികളാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്... നമ്മുടെ ജീവിതത്തെയും , പ്രവർത്തികളെയും, സങ്കൽപ്പങ്ങളെയും ഒന്നാകെ മാറ്റിമറിച്ചിരിക്കുകയാണ് നിർമിത ബുദ്ധി എന്ന വിപ്ലവകരമായ സാങ്കേതികവിദ്യ. പതിനായിരത്തി മുന്നൂറ് കോടിയിലധികം രൂപ ചെലവഴിച്ചാണ് കഴിഞ്ഞ വർഷം മാർച്ചിൽ നരേന്ദ്ര മോദി സർക്കാർ ഇന്ത്യ എ.ഐ മിഷന് അംഗീകാരം നൽകിയത്. നിർമ്മിതബുദ്ധി എന്ന സാങ്കേതികവിദ്യയെ രാജ്യത്തിന് വേണ്ടി പ്രയോജനപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.*

*( മ്യൂസിക് )*

*( പിഎം വോയിസ് )*

***സാങ്കേതിക വിദ്യയുടെ ജനാധിപത്യവത്കരണം, സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കൽ എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. വികസിത ഭാരതം എന്ന ലക്ഷ്യം നേടുന്നതിന് ഡിജിറ്റൽ അടിത്തറ സൃഷ്ടിക്കാനും ഇതിലൂടെ സാധിക്കും.***

***(മ്യൂസിക്)***

&&&&&&&&&&&&&&&&&&

**GST REFORMS-GENERAL**

ജി.എസ്.ടി ഘടനാ പരിഷ്ക്കാരങ്ങൾ നിലവിൽ വന്നതോടെ രാജ്യത്ത് നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ 400 ലധികം ഉത്പന്നങ്ങൾക്ക് വില കുറഞ്ഞു. നികുതി ഘടന 5 ശതമാനം 18 ശതമാനം എന്നിങ്ങനെ രണ്ട് സ്ലാബുകളായി ചുരുക്കുന്ന പരിഷ്കാരം തിങ്കളാഴ്ച മുതൽ പ്രാബല്യത്തിൽ വന്നതോടെ 99 ശതമാനം ഉത്പന്നങ്ങൾക്കും 5 ശതമാനം മാത്രമാണ് നികുതി. പുതു തലമുറ ജി.എസ്.ടി പരിഷ്കാരങ്ങളിലൂടെ ആരോഗ്യ മേഖലയിൽ കേന്ദ്ര സർക്കാർ ഗണ്യമായ നികുതി ഇളവുകളാണ് വരുത്തിയിട്ടുള്ളത്. ആരോഗ്യ, ലൈഫ് ഇൻഷുറൻസ് പ്രീമിയങ്ങളെ ജി.എസ്.ടിയിൽ നിന്നും ഒഴിവാക്കി. കാൻസർ, ഗുരുതര രോഗങ്ങൾ എന്നിവയ്ക്കുള്ള 33 ജീവൻ രക്ഷാ മരുന്നുകളുടെ നികുതിയും ഒഴിവാക്കിയിട്ടുണ്ട്. മെഡിക്കൽ ഉപകരണങ്ങളുടെ നികുതിയും 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## HEADLINE-4

**CENTRAL TEAM - ALAPPUZHA**

കേരളത്തിലെ നെൽ കർഷകരുടെ പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രാലയം നിയോഗിച്ച വിദഗ്ദ്ധ സംഘം ആലപ്പുഴയിലെത്തി. കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ കുട്ടനാട് സന്ദർശിക്കുന്നതിന് മുന്നോടിയായിട്ടാണ് ഏഴംഗ വിദഗ്ദ്ധ സംഘം എത്തിയത്. ചേർത്തല അന്ധകാരനഴി സന്ദർശിച്ച സംഘം നിലവിൽ കുട്ടനാട് സന്ദർശിക്കുകയാണ്. ഉച്ച കഴിഞ്ഞ് വിദഗ്ദ്ധ സംഘം മങ്കൊമ്പിൽ എത്തും. വിവിധ പാടശേഖരങ്ങൾ സന്ദർശിച്ച ശേഷം കർഷകരുമായി മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ ചർച്ച നടത്തും. ശേഷം അപ്പർ കുട്ടനാട് പ്രദേശങ്ങൾ സന്ദർശിക്കും.

&&&&&&&&&&&&&&&&&&

## SWASTH SASAKTHI NARI PARIVAR

സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാന്റെ ഭാഗമായി തിരുവനന്തപുരം വെള്ളനാട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ആരോഗ്യ ക്യാമ്പ് സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി സ്ത്രീകൾക്കും ഗർഭിണികൾക്കുമുള്ള ആരോഗ്യ പരിശോധകളും നടന്നു. കുട്ടികൾക്കുള്ള വൈറ്റമിൻ എ മരുന്ന് വിതരണവും ക്യാമ്പിന്റെ ഭാഗമായി നടന്നു.

&&&&&&&&&&&&&&&&&&

## WAVE X

സ്റ്റാർട്ട് അപ്പ് ആക്സിലറേറ്റർ പ്ലാറ്റ്ഫോം വേവ്-എക്സിലൂടെ 7 പുതിയ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ രാജ്യത്ത് ആരംഭിക്കാനൊരുങ്ങി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം. മീഡിയ, അനിമേഷൻ, എൻറർടെയിൻമെന്റ് മേഖലകൾ ലക്ഷ്യമിട്ടുള്ള ഇൻക്യൂബേഷൻകേന്ദ്രങ്ങളിൽ ഒരെണ്ണം കോട്ടയത്തായിരിക്കും ആരംഭിക്കുക. I.I.M.C യുടെ ഡൽഹി, ജമ്മു, ഒഡീഷ, മഹാരാഷ്ട്ര, കോട്ടയം ക്യാമ്പസുകളിലും F.T.I.I യുടെ പുണെ, കൊൽക്കൊത്ത കേന്ദ്രങ്ങളിലുമാണ് ഇവ ആരംഭിക്കുന്നത്. ചലച്ചിത്ര നിർമാണം, ഗെയിം ഡെവലപ്മെന്റ്, എഡിറ്റിങ്ങ് എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇൻക്യൂബേഷൻ കേന്ദ്രങ്ങളിൽ ഒരുക്കും.

&&&&&&&&&&&&&&&&&&

## REV. MAHA RAIN

മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് സംസ്ഥാനത്തെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ ഇന്ന് സന്ദർശനം നടത്തും. കനത്ത മഴയും ലോവർ തെർന പദ്ധതിയിൽ നിന്നും വെള്ളം തുറന്നുവിട്ടതും കാരണം ലാത്തൂർ ജില്ലയിൽ നിരവധി വീടുകൾ വെള്ളത്തിനടിയിലാണ്. വെള്ളപ്പൊക്കം മൂലം ലാത്തൂർ-സോളാപൂർ ദേശീയ പാത ഭാഗികമായി അടച്ചു. മുൻകരുതൽ നടപടിയായി ആളുകളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## WEST BENGAL RAIN

മഴക്കെടുതികളിൽ പശ്ചിമബംഗാളിൽ മരണമടഞ്ഞവരുടെ എണ്ണം പത്തായി ഉയർന്നു. കൊൽക്കത്തയിലാണ് മഴ കനത്ത നാശം വിതച്ചത്. കൊൽക്കത്തയിൽ നിന്നുള്ള 42 ഓളം വിമാനസർവ്വീസുകൾ റദ്ദാക്കി. സ്കൂളുകൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചിരിക്കുകയാണ്. മഴയുടെ ശക്തി കുറയുന്നത് ജനങ്ങൾക്ക് ആശ്വാസം പകരുന്നു.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന്റെ 126-ാാം പതിപ്പ് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 26 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&

## HEADLINE-5

## CRICKET- ASIA CUP

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ഏഷ്യാകപ്പ് ഫൈനൽ പ്രവേശനം ലക്ഷ്യമിട്ടാണ്, സൂപ്പർ ഫോറിലെ രണ്ടാം മത്സരത്തിനായി ഇന്ത്യ ഇന്നിറങ്ങുന്നത്. ഇന്നലെ നടന്ന മത്സരത്തിൽ ശ്രീലങ്കക്കെതിരെ പാകിസ്ഥാൻ 5 വിക്കറ്റിന് വിജയിച്ചു .

&&&&&&&&&&&&&&&&&

## HEADLINE-6

### RAGASA TYPHOON

റഗാസ ചുഴലിക്കാറ്റിൽ തായ് വാനിൽ മരിച്ചവരുടെ എണ്ണം 14 ആയി. നിരവധി പേരെ കാണാതായിട്ടുണ്ട്. കനത്ത നാശനഷ്ടം വിതച്ചുകൊണ്ട് ചുഴലിക്കാറ്റ് ചൈനയുടെ തെക്കൻ തീരത്തേക്ക് അടുക്കുകയാണ്. മുൻകരുതലിന്റെ ഭാഗമായി, മൂന്ന് ലക്ഷത്തി എഴുപതിനായിരത്തിലധികം പേരെ ഇവിടെനിന്നും ഒഴിപ്പിച്ചു. 10 നഗരങ്ങളിലെ സ്കൂളുകളും വ്യവസായ സ്ഥാപനങ്ങളും അടച്ചിടാനും നിർദ്ദേശമുണ്ട് . ഹോങ്കോംഗ് എയർലൈൻസ് എല്ലാ സർവീസുകളും നിർത്തിവച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&&

### STOCK/GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 295 പോയിന്റ് താഴ്ന്ന് 81,806 ലും , നിഫ്റ്റി 76 പോയിന്റ് നഷ്ടത്തിൽ 25,093 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കുറഞ്ഞു. പവന് 240 രൂപ താഴ്ന്ന് 84,600 രൂപയും ഗ്രാമിന് 30 രൂപ കുറഞ്ഞ് 10,575 , രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&